## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2986 13.03.2018-ൽ മറുപടിയ്ക്ക്.

### പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡ് നിർമ്മിക്കുന്നതിനായി നീക്കി വയ്ക്കുന്ന തുകയുടെ പത്ത് ശതമാനം പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾക്കായി വിനിയോഗിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2017-18 ൽ എത്ര കിലോമീറ്റർ റോഡുകൾ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തി നിർമ്മിക്കുവാൻ കഴിഞ്ഞു; വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്ത് 330 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1,73,215 കിലോഗ്രാം ഷ്രെഡ്ഡ്ഡ് പ്ളാസ്റ്റിക്കുകൾ ഉപയോഗിച്ച് 150 കിലോമീറ്ററോളം റോഡുകൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജനം ചെയ്യുന്നതിന് ഈ സംവിധാനം എത്രമാത്രം സഹായകമായി എന്ന് | (സി) | 3.75 മീറ്റർ വീതിയിൽ ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കുവാൻ 1.3 ടൺ ഷ്രെഡ്ഡഡ് പ്ളാസ്റ്റിക്ക് ആവശ്യമാണ്. ഇതേ അളവിൽ ആവശ്യമായ താരതമ്യേന വിലകൂടിയ ബിറ്റുമിന് പകരം |

| | | | |
|---|---|---|---|
| | വിശദീകരിക്കുമോ? | | പ്ളാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിക്കുന്നതിലൂടെ ഗണ്യമായ സാമ്പത്തിക ലാഭം കൈവരിക്കുക എന്നത് കൂടാതെ പരിസ്ഥിതിക്ക് അതീവ വിപൽകരമായ പ്ളാസ്റ്റിക് മാലിന്യങ്ങളുടെ ശാസ്ത്രീയ നിർമ്മാർജ്ജനം എന്ന മഹത്തായ ലക്ഷ്യംകൂടി ഈ പദ്ധതികളുടെ നടത്തിപ്പിലൂടെ കൈവരിക്കുവാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ